സഹകരണരംഗത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രൊഫഷണൽ കോളേജുകളും

108 (1260) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ രംഗത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രൊഫഷണൽ കോളേജുകളും ആരംഭിക്കുവാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രൊഫഷണൽ രംഗത്ത് ഏതൊക്കെ കോഴ്സുകൾ സഹകരണ മേഖലയിൽ ആരംഭിക്കുവാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകൾക്ക് മുൻതൂക്കം നൽകി സഹകരണ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ രംഗത്ത് പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്.

(ബി) ഈ അക്കാദമിയുടെ കീഴിൽ വിവിധ എഞ്ചിനീയറിംഗ് കോഴ്സുകളും എം.ബി.ബി.എസ്, എം.ബി.എ. എം.സി.എ. എന്നീ കോഴ്സുകളും ആരംഭിക്കുവാനാണ് പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്.

(സി) അനുയോജ്യമായ സ്ഥലം അക്കാദമിക്ക് സൗജന്യമായി ലഭിച്ചാൽ അവിടെ പ്രൊഫഷണൽ കോളേജ് സ്ഥാപിക്കുന്നതിന് അക്കാദമി നടപടി സ്വീകരിക്കുന്നതാണ്.

ഇളങ്കുളം സഹകരണ ബാങ്കിൽ നടന്ന അഴിമതി

109 (1261) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളങ്കുളം സഹകരണ ബാങ്കിൽ നടന്ന അഴിമതി സംബന്ധിച്ച് സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ ആരെല്ലാമാണ് കുറ്റക്കാർ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവർക്ക് എതിരെ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(സി) കുറ്റക്കാരായ ബാങ്ക് ജീവനക്കാർക്ക് എതിരെ മാത്രം നടപടി സ്വീകരിക്കുകയും മറ്റുള്ള കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജീവനക്കാർ അല്ലാത്ത ആർക്കെങ്കിലും എതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനേകം കോടി രൂപയുടെ അഴിമതി കണ്ടെത്തി വർഷങ്ങൾ കഴിഞ്ഞിട്ടും ഫലപ്രദമായ നടപടികൾ പ്രതികൾക്കെതിരെ സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ;

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം നടപടികൾ ആർക്കെല്ലാം എതിരെ എന്ന് വ്യക്തമാക്കാമോ ;

(ജി) ഈ സ്ഥാപനത്തിൽ ഉണ്ടായ അഴിമതികൾ മൂലം എത്ര രൂപയുടെ നഷ്ടം ഉണ്ടായി ;

(എച്ച്) ഈ നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്നും ഈ തുക ഈടാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഐ) ഇതുവരെ എത്ര രൂപ ഇവരിൽ നിന്നും ഈടാക്കുവാൻ സാധിച്ചിട്ടുണ്ട് ;

(ജെ) ഈ സഹകരണ ബാങ്ക് ജില്ലാ ബാങ്കിലേയ്ക്ക് എത്ര രൂപ ഇപ്പോൾ അടച്ചുതീർക്കുവാനുണ്ട് എന്നും ഇതിൽ എത്ര കുടിശ്ശികയായിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ;

(കെ) കുടിശ്ശിക ഈ ബാങ്കിന് എപ്പോൾ എങ്ങനെ അടച്ചു തീർക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ ഒമ്പതുപേർ അടങ്ങുന്ന ഭരണസമിതിയും ഒരു മുൻ ഭരണസമിതി അംഗവും 4 ജീവനക്കാരുമാണ് ഉത്തരവാദികൾ എന്ന് തെളിഞ്ഞിട്ടുണ്ട്.

(ബി) ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജീവനക്കാർ അല്ലാത്തവർക്കെതിരെ സഹകരണ സംഘം നിയമപ്രകാരം സർചാർജ് നടപടി സ്വീകരിച്ചു.

(ഇ) പ്രതികൾക്കെതിരെ ഡിപ്പാർട്ടുമെന്റിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് വിജിലൻസിലും കേസ് നിലവിലുണ്ട്.

(എഫ്) ജീവനക്കാർക്കെതിരെ സസ്പെൻഷൻ നടപടികളും സർചാർജ് നടപടികളും സ്വീകരിച്ചു. ഭരണസമിതി അംഗങ്ങൾക്കെതിരെ സർചാർജ് നടപടികൾ സ്വീകരിച്ചു.

(ജി) 5 കോടി 94 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി.

(എച്ച്) കേരള സഹകരണ നിയമം വകുപ്പ് 69 അനുസരിച്ച് സർചാർജ്ജ് നടപടികൾ സ്വീകരിച്ചു.

(ഐ) 83,282 രൂപ ഈടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) ഈ സംഘം ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് 12 കോടി 55 ലക്ഷം രൂപ അടച്ച് തീർക്കുവാനുണ്ട്. ഇതിൽ 7 കോടി 47 ലക്ഷം രൂപ കുടിശ്ശികയാണ്.

(കെ) സംഘത്തിന് മെമ്പർമാരിൽ നിന്നും തിരികെ ഈടാക്കുവാനുള്ള വായ്പയും അതിന്റെ പലിശയും തിരികെ ഈടാക്കിയും ബാങ്കിന് ഈടാക്കുവാനുള്ള മറ്റ് തുകകളും ഈടാക്കുന്ന മുറയ്ക്ക് ബാങ്കിന് ഈ കുടിശ്ശിക അടച്ചുതീർക്കുവാൻ കഴിയുന്നതാണ്.

കേരള കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനിലെ താൽകാലിക ജീവനക്കാർ

110 (1262) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരെ സ്ഥിരപ്പെടുത്തുമെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവ് ലംഘിച്ച് താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരെ ലേബർ വകുപ്പ് മുഖേന സ്ഥിരപ്പെടുത്തുന്നതിന് കൺസ്യൂമർ ഫെഡറേഷനിൽ നടപടി സ്വീകരിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡറേഷനിൽ താൽകാലികാടിസ്ഥാനത്തിൽ എത്രപേരെ ഏതെല്ലാം തസ്തികയിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉപചോദ്യം (എ)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) താഴെ പറയുന്ന 12 ഇനം തസ്തികകളിലായി ആകെ 195 പേരെ താൽകാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly